# അൽ അമീൻ
# ഹയർസെക്കന്ററി സ്കൂൾ
# കേച്ചേരി

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
## LL/2018/24078

# യൂസർനെയിം
# &
# പാസ് വേഡ്

## ഡിജിറ്റൽ മാഗസിൻ 2018-19

# LITTLE KITES

എഡിറ്റോറിയൽ......3
സന്ദേശം (ഹെഡ് മാസ്റ്റർ)......5
സന്ദേശം(പ്രിൻസിപ്പാൾ)......6
സന്ദേശം(പി.ടി.എ. പ്രസിഡന്റ്)......7
ആശംസകൾ......8
ആശംസകൾ......9
വിശപ്പ് , കള്ളൻ, ഞാൻ ?......11
വീട്ടമ്മക്കൊരു കൂട്ട് - സുൽഫത്ത് X-B......12
Live the life that you dream......13
കൂട്ടിലടച്ച ബാല്യം......14
IT'S A BEAUTIFUL LIFE ......16
ചെറുകഥ......17
പുതിയ കുപ്പായം......17
Cake of friend ship......19
പ്രകൃതി എന്ന വനം......20

**എഡിറ്റോറിയൽ**

വിവരവിനിമയ സാങ്കേതിക വിദ്യയോട് ഒപ്പം വളർന്ന് സമ്മൂഹത്തിൽ മാറ്റങ്ങളുടെ വിപ്ലവം സൃഷ്ടിക്കാൻ വിദ്യാഭ്യാസ മേഘലക്ക് സാധിച്ചു .ആധുനിക യുഗത്തിൽ ഐടി. അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന്റെ സാധ്യതകളേറി വരുന്ന സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായ് കൊണ്ട് ഐ.ടി. മേഘലയിൽ അവരുടെ കഴിവുകൾ കണ്ടെത്തുവാനും ഫലപ്രദമായി ഉപയോഗിക്കാനും പ്രാപ്തരാക്കാൻ കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രയത്നം പ്രശംസനീയമാണ് . ന്യൂ ജൻ എന്ന പേരിൽ അറിയപ്പെടുന്ന പുതുതലമുറയുടെ സാങ്കേതിക വിദ്യയോടുള്ള അഭിനിവേശം അധിനിവേശം ആകാതിരിക്കാനും സമ്മൂഹത്തിന് സ്വന്തം കഴിവുകൾ സർഗ്ഗാത്മകമായും ഗുണപരമായും വളർത്തുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും വേണ്ടി ഹൈസ്കൂൾ വിദ്യാർത്ഥികൾകായികൊണ്ട് ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ് കൂട്ടായ്മ നമ്മുടെ സ്കൂളുകളിൽ നടപ്പാക്കുന്നത് . 2018 വർഷത്തിൽ അൽഅമീൻ ഹയ്യർസെക്കന്ററി സ്കൂളിൽ ആരംഭിച്ച ലിറ്റിൽ കൈറ്റസ് ഐടി ക്ലബ് ഇതിന്റെ പൂർണ്ണ ഉദ്ധേശ്യശുദ്ധിയേടെ തന്നെപ്രവർത്തിച്ച് വരുന്നു. നാൽപ്പത് അംഗങ്ങളുള്ള യൂണിറ്റിൽ ഒരു കൈറ്റ് മാസ്റ്ററും ഒരു കൈറ്റ് മിസ്ട്രസ്സും യൂണിറ്റിൽ പ്രവർത്തിച്ച് വരുന്നു. ബുധനാഴ്ചകളിൽ ഒരുമണിക്കൂർ വീതം പ്രത്യേക പരിശീലനവും അവധിദിനങ്ങൾ പ്രയോജനകരമായി ചിലവഴിക്കതക്കരീതിയിൽ പ്രത്യേക ശിൽപ്പശാലകളും സംഘടിപ്പിക്കുന്നു. ഗ്രാഫിക്ക്സ് , ആനിമേഷൻ, പ്രോഗ്രാമിംഗ് , മൊബൈൽആപ്പ് നിർമ്മാണം, ഇലക്ട്രോണിക്സ്,ഹാഡ്‌വെയർ

തുടങ്ങിയ കമ്പ്യൂട്ടറിന്റെ സമസ്ത മേഖലകളിലും ഉള്ള പരിശീലനം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭിച്ചു വരുന്നു.

സ്കൂൾ പ്രവർത്തനത്തിന്റെ സമസ്ത മേഖലകളിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സ്വന്തം കഴിവ് തെളിയിക്കാൻ ക്ലബ് പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. തുടർന്നും സാധിക്കുകയും ചെയ്യും. ഇതിനായി സഹായിച്ചവരെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിലൂടെ സ്വന്തം ഭാവി മാത്രമല്ലാ സമൂഹത്തിന്റെയും രാജ്യത്തിന്റെയും വളർച്ചക്ക് ഉതകും വിധം പ്രവർത്തിക്കാൻ സാധിക്കും എന്ന വിശ്വാസത്തോടെ.....

2018-19 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് പ്രവർനത്തിന്റെ ഭാഗമായുള്ള ഈ മാഗസിൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

**സന്ദേശം (ഹെഡ് മാസ്റ്റർ)**



2017-18 അദ്ധ്യാന വർഷത്തിലാണ് സംസ്ഥാനത്തെ പൊതുവിദ്യാലങ്ങളിൽ ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ് യൂണിറ്റുകൾ ആരംഭിക്കുന്നത്. വിദ്യാലയങ്ങളിൽ വിവരവിനിമയ സാങ്കേതിക രംഗത്ത് ഒരു പുത്തനുണർവാകാൻ ഇതിനോടകം ലിറ്റിൽ കൈറ്റ്സിനായിട്ടുണ്ട്.ഒരു യൂണിറ്റ് രൂപികരിച്ചുകൊണ്ട് തുടക്കത്തിൽ തന്നെ ഈ പരിപാടിയുടെ ഭാഗമാകാൻ സന്തോഷമുണ്ട്. ശ്രീ. ടോം മാർട്ടിൻ ,ശ്രീമതി ഹാജറ തസ്നി എന്നീ കർമ്മോത്സുകരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സിലെ ചുണകുട്ടികൾ മികവാർന്ന പ്രവർത്തനങ്ങളാണ് നടത്തുന്നത്. തുടർന്നും വളരെ മികച്ച പ്രവർത്തങ്ങൾ നടത്താൻ നമ്മുടെ കുട്ടികൾക്കാകട്ടെ എന്നാത്മാർത്ഥമായി ആശംസിക്കുന്നു.

ചീഫ് എഡിറ്റർ
ലത്തീഫ് കെ.
ഹെഡ് മാസ്റ്റർ

**സന്ദേശം(പ്രിൻസിപാൾ)**



വിവരവിനിമയ സാങ്കേതിവിദ്യാ വിപ്ലവാത്മകമായ മുന്നേറികൊണ്ടിരിക്കുന്ന് ഇന്ന് . സ്കൂൾ വിദ്ധ്യാർത്ഥികൾക്കായികൊണ്ട് വിദ്യാഭ്യാസ വകുപ്പ് നടപ്പാകുന്ന ലിറ്റിൽകൈറ്റ് കംപ്യൂട്ടർ ക്ലബ് എല്ലാ വിദ്യാർത്ഥികൾക്കും ആശംസകൾ നേരുന്നു.

പ്രിൻസിപ്പാൾ
സുജ ഫ്രാൻസിസ്

**സന്ദേശം(പി.ടി.എ. പ്രസിഡന്റ്)**



കേരള ഗവൺമെന്റ് പൊതു വിദ്യാഭ്യാസ വകുപ്പ് കൈറ്റ് പൊതുവിദ്യലയങ്ങളിലെ വിദ്യാർത്ഥി കൾക്കായി തുടങ്ങിയരിക്കുന്ന ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികളിൽ വിവരവിനിമയ സാങ്കേതികത വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതനായി ഉപകരിക്കുന്നതാണ്. അൽ അമീൻ ഹയ്യർസെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്കും കൈറ്റ് മാസ്റ്റേഴ്സിനും ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകൾ നേരുന്നു.

പി.ടി.എ. പ്രസിഡന്റ്
ഇക്ബൽ

**ആശംസകൾ**



लिट्टिल् कैट्स् छात्रों ने अपने व्यक्ति विकास क् साथ दूसरों के उपकार करने की मनोभाव प्राप्त करने की कोशीश् करते ह। बडे होने क् बाद भी अपने प्रवर्तियों इसी तरह आगे बटना बडी बात हे ।

श्रीमति. अनिता के . ए.

स्टाफ् सेक्रट्टरि


**ആശംസകൾ**



വിവരവിനിമയ സാങ്കേതിക വിദ്യ ഓരോനിമിഷവും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന കാലത്താണല്ലോ ജീവിക്കുന്നത് . സമസ്ത മേഖലകളിലും അതിന്റെ സ്വാധീനം വർദ്ധിച്ചുകൊണ്ടരിക്കുന്ന ഇക്കാലത്ത് കംപ്യൂട്ടർ സാക്ഷരത ഏവർക്കും അനിവാര്യമായി മാറിയിരിക്കുന്നു. വിദ്യാർത്ഥികളിൽ കംപ്യൂട്ടർ പരിജ്ഞാനം വളർത്തുക എന്ന ലക്ഷ്യത്തോടെ നമ്മുടെ വിദ്യാലയത്തിൽ രൂപികരിച്ചിരിക്കുന്ന ലിറ്റിൽ കൈറ്റസിന് വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. വർത്തമാനകാലത്തിന്റെ സാധ്യതകളെ വരാനിരിക്കുന്ന നാളുകളുകൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

ഡോ. ബിജു

**ആശംസകൾ**



Little kite's is a laudable venture launched in our school under the auspices of General Education protection mission a project that aims to make kerala a fully digitalised state in education sector. Even the students from economically backward families who are devoid of chances are offered plenty of opportunities here. The team of the ' Little kite's ' in our school is so active and creative in all the programmes especially in the making of the Magazine. I feel so proud to be a part of this magazine. I wish all the good luck for this magazine.

Mrs. Najma
English Teacher

**വിശപ്പ് , കള്ളൻ, ഞാൻ ?**

വിശപ്പ് എന്ന വികാരം
വിശപ്പകറ്റുവാൻ വേണ്ടി
അരിയും ഇത്തിരി മുളകുപൊടിയും
കട്ട കള്ളൻ ഞാൻ
എന്നാൽ ആയിരം വെട്ടിപ്പുകൾ
ചെയ്ത നിങ്ങൾ വിശുദ്ധനോ ?
പട്ടിണിമാറ്റുവാൻ വേണ്ടി കട്ട എന്നെ
നിങ്ങൾ തല്ലിയെങ്കിൽ
എന്തേ! ഇത്ര ദുഷ്ടത്തരം ചെയ്യുന്ന
നിങ്ങൾ സ്വയം ആത്മഹത്യചെയ്യാത്തെ
എൻ ജീവനെടുത്ത നിങ്ങൾക്കെന്തേ
**സ്വജീവൻ എടുക്കാൻ കഴിയാത്തത്**

**വീട്ടമ്മക്കൊരു കൂട്ട് - സുൽഫത്ത് X-B**

## ചോക്ലേറ്റ് ഐസ്ക്രീം :

**ചേരുവകൾ**

**പാൽ - അര ലിറ്റർ**

**കണ്ടൻസ് മിൽക്ക് - 150 ഗ്രാം**

**ജലാറ്റിൻ - 25 ഗ്രാം**

**പഞ്ചസാര – 250 ഗ്രാം**

**കൊക്കോ പാഡർ-200 ഗ്രാം**

**തയ്യാറാക്കുന്ന വിധം: -** 50 ഗ്രാം പാലിൽ ജലാറ്റിൻ ചേർത്തിളക്കി ചൂടാക്കുക . അതിൽ ബാക്കി പാലും പാൽ പൊടിയും പഞ്ചസാരയും കൊക്കോയും കണ്ടൻസ് മിൽക്കും ചേർത്ത് നന്നായി ഇളക്കി യോജിപ്പിച്ച ശേഷം ഐസ് പെട്ടിയിൽ വെച്ച് തണുപ്പിച്ച ശേഷം ഉപയേഗിക്കാം

## ആപ്പിൾ പുഡ്ഡിങ്ങ് :

**ചേരുവകൾ**

**ആപ്പിൾ - 150 ഗ്രാം**

**പാൽ - 250 ഗ്രാം**

**മൈദ- 250 ഗ്രാം**

**ബെക്കിങ്ങ് പൗഡർ - 25 ഗ്രാം**

**വെണ്ണ – 150 ഗ്രാം**

**മുട്ട – 4 ഗ്രാം**

**തയ്യാറാക്കുന്ന വിധം: -** വെണ്ണയിൽ പഞ്ചസാര ചേർത്ത് നന്നായി ഇളക്കി അതിൽ മുട്ടയിട്ട് കുറെശ്ശെയായി ബെക്കിങ്ങ് പൗഡർ പാലുംചേർത്ത് ഇളക്കണം. ആപ്പിൾ തൊലികളഞ്ഞ് ചെറിയ കഷണങ്ങളാക്കി നറുക്കിയ ഒരു പാത്രത്തിലാക്കി മിശ്രിതവും പൊടിച്ച പഞ്ചസാരയും ഇട്ട് ചൂടാക്കുക. കുറുക്ക് പാകമാകുമ്പേൾ ഇറക്കിവെച്ച് തണുക്കുമ്പേൾ ഫ്രീസറിൽ വെച്ച് തണുപ്പിച്ച് ഉപയോഗിക്കാം.

## Live the life that you dream

I travel far away
My pleasure lies  in journeys
I opt a place close to nature
There am free like a bird
Who escaped from the cage
Iam away from that busy world
Where people forget to live
I like to sit beside the river
And watch the flowing water
The fresh air from the mountains
makes me relaxed and cheerful
And I enjoy the chirping of birds
that fly from one tree to another
How sweet are those berries
That I pluck on my way
I can see the real beauty of nature
that people miss in their busy life
Later, don't regret your past
Realize the real you in you
Live the life that you dream..

## കൂട്ടിലടച്ച ബാല്യം

ജനലരികിൽനിന്ന് മഴയെ ആസ്വദിക്കുകയായിരുന്നു രേവതി. കോരിച്ചൊരിയുന്ന മഴ. മഴയെ ആസ്വതിച്ചു നിൽക്കുന്ന സമയത്താണ് ജനലഴികളിൽ കൂടി ആ കാഴ്ച. അവൾ കണ്ടത് പുത്തനുടുപ്പും പുസ്തകവുമെല്ലാമായി വിദ്യാലയത്തിലേക് പോകുന്ന കുട്ടികൾ. അവർ മഴയിൽ കളിച്ചും ചിരിച്ചും അങ്ങനെ യാത്ര തുടർന്ന് . ഇതുകണ്ട അവളുടെ ചിന്തകൾ കുറച്ചുനേരം മറ്റെങ്ങോ പോയി. അപ്പോഴാണ് അവളുടെ ചേച്ചി ദേവൂട്ടി അവളെ വന്നു തട്ടി വിളിച്ചത്. പെട്ടന്ന് ഉറക്കത്തിൽ നിന്നും ഞെട്ടി ഉണരുന്നതുപോലെ അവൾ അവളുടെ ചിന്തകളിൽ നിന്നും ഞെട്ടിയുണർന്നു. അപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ദേവൂട്ടി അവളോട് കാര്യം തിരക്കി അവൾ പറഞ്ഞു.നമ്മുടെ അച്ഛനും അമ്മയും ഉണ്ടായിരുന്നെങ്കിൽ എനിക്കും ഇതുപ്പോലെ സ്കൂളിൽ പോകാമായിരുന്നല്ലോ. അവളുടെ ചേച്ചിയുടെ കണ്ണുകളും നിറഞ്ഞൊഴുകി  മൂന്നു വർഷങ്ങൾക് മുൻപ് ഒരു വാഹനാപകടത്തിൽ അവളെയും ചേച്ചിയെയും അനിയനെയും തനിച്ചാക്കി പോയതാണ് അവരുടെ മാതാപിതാക്കളും ഇളയസഹോദരനും. അന്നുമുതൽ അവളുടെയും അനിയനെയും തനിച്ചാക്കി അച്ഛനും അമ്മയുമെല്ലാം ചേച്ചിയായിരുന്നു. വീട്ടുജോലി ചെയ്തും കൂലിപ്പണി ചെയ്തുമെല്ലാമാണ് ദേവൂട്ടി അവരെ നോക്കുന്നത്. എന്നാൽ പട്ടിണി മാറ്റാനുള്ള വക തേടുന്നതിനിടെ ഉണ്ണിക്കുട്ടന്റെയും രേവതിയുടെയും പഠിപ്പിനെകുറിച്ച് അവൾ ചിന്തിച്ചിരുന്നില്ല ചിന്തിച്ചിട്ട് കാര്യവുമില്ല. അതിന് അവൾക് കഴിയില്ല എന്ന് അറിയാവുന്നതുകൊണ്ടായിരിക്കാം അവൾ അതിനെ കുറിച്ച് ചിന്തിക്കാതിരുന്നത്. എന്നാൽ രേവതിക്ക് പഠിക്കാൻ വളരെ ഇഷ്ട്ടമായിരുന്നു. അച്ഛന്റെയും അമ്മയുടെയും മരണശേഷം ആറാം ക്ലാസ്സിൽ വെച്ച് പഠിപ്പ് നിറുത്തിയതാണ് അവൾ. പഠിച്ചുകൊണ്ടിരുന്ന

കാലത്തിൽ എല്ലാത്തിലും ഒന്നാമതായിരുന്നു. എന്നാൽ അച്ഛന്റെയും അമ്മയുടെയും താൻ ഏറെ സ്നേഹിച്ച കുഞ്ഞനിയന്റെയും വേർപ്പാടിന് ശേഷം അവൾക് പഠിക്കാൻ താല്പര്യമില്ലാതായി. പിന്നീട് ആ ദുഖ:ത്തിൽ നിന്നും അവൾ പതിയെ പതിയെ പുറത്തു വരാൻ തുടന്കിയെങ്കിലും പഠിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. ഉണ്ണിക്കുട്ടന്റെയും ചേച്ചി ദേവൂട്ടിയും അവസ്ഥയും ഇത് തന്നെ. എന്നാൽ ഇതെല്ലം ഉള്ളിലൊതുക്കി അവർ അവരുടെ ജീവിതത്തിൽ സന്തോഷിക്കാൻ തുടങ്ങി. അവരുടെ ജീവിതത്തിൽ സന്തോഷിക്കാൻ തുടങ്ങി. അവരുടെ ചെറിയ ലോകത്തിൽ അവർ മറ്റൊന്നിനും കുറിച്ച ചിന്തിച്ചിരുന്നില്ല. അതിനിടയിലാണ് പട്ടണത്തിൽ നിന്നും സ്ഥലമാറ്റം കിട്ടി ഗ്രാമത്തിലെ വിദ്യാലയത്തിലേക് സുമതി ടീച്ചർ വരുന്നത്. വിദ്യാലയത്തിലെത്തിയ ടീച്ചർ കുറച്ച ദിവസങ്ങൾക്കിടയിൽ തന്നെ രേവതിയെയും കുടുമ്പത്തെയും കുറിച്ച് അറിഞ്ഞു. രേവതിയുടെ കഥകൾ കേട്ട ടീച്ചർക്ക് അവളെ കാണാൻ ആകാംക്ഷമായി. മറ്റു ടീച്ചറെയും വിദ്യാർത്ഥികളുടെയും സഹായത്തോടുകൂടി ടീച്ചർ അവളുടെ വീട്ടിലെത്തി. കൂടെ രേവതിയുടെ കൂട്ടുക്കാരും ഉണ്ടായിരുന്നു. രേവതിയുടെ ചേച്ചി ദേവൂട്ടിയോടു ടീച്ചർ കാര്യം അവതരിപ്പിച്ചു. മാതാപിതാക്കളുടെ മരണ ശേഷം നിർത്തി വെച്ച പഠിപ്പ് മൂന്നുപേരും വീണ്ടും തുടങ്ങണം എന്ന് ആവശ്യപ്പെട്ടു. എന്നാൽ ദേവൂട്ടിയുടെ മുഖത്തു നിരാശ നിറഞ്ഞു. അവൾ പറഞ്ഞു; എന്റെ കയ്യിൽ അതിനുമാത്രം പൈസയൊന്നുമില്ല പട്ടിണിയില്ലാതെ ജീവിച്ചു പോകുന്നത് തന്നെ ഒരു ഭാഗ്യം അല്ലാണ്ടെന്താ പറയാ ...

ടീച്ചർ അവരെ തൃപ്തിപ്പെടുത്തി കൊണ്ട് അവരോടു പറഞ്ഞു നിങ്ങൾ വിഷമിക്കണ്ട പഠന ചിലവുകളെല്ലാം സ്കൂളിലെ അധ്യാപകരും മറ്റും കൂടി നോക്കിക്കോളും ....എന്ന് ടീച്ചർ പറഞ്ഞു ആശ്വസിപ്പിച്ചു ദേവൂട്ടി സമ്മതം മൂളി അങ്ങനെ അവർ പിറ്റേ ദിവസം മുതൽ സ്കൂളിലേക്ക് പോകാനും തുടങ്ങി. ഒരു വലിയ നിലയിലുമായി.

**IT'S A BEAUTIFUL LIFE .....**

Life, on the surface, does not contain a meaning. It's blessful and bruising, loving and hating, crying and laughing it is nothing, but a natural attraction between the opposites; the good and the bad there comes no point in life, when you call it a day. Life, it never waits. Much life time, it goes on waving you behind. Memories are the precious gifts, perhaps the only goodness in the four-lettered word which contains so much, saw power within itself. But also, we have not yet learned how to use them. They are, as I've found out, medicines. The cure for the occasional brick life throws at you. Instead of treating it for what it is, we sit back and recollect our memories, redialing them but by bit, smiling to ourselves. Yet, have you are once wondered what you were missing, all the time you. Let your mind travel? A lot of beautiful things are happening around you. It's a beautiful things are happening around you. It's a beautiful fealing indeed, to be anything at all. Next time, when life throws a problem at you, snap it down with anything that small sense in your.. world. The baby's little finger, wrapping around yours, that day when the whole crowd get up, applauding you, when you rejoiced with your loved ones. This is what life , a text to which an end would only mean an end to it all. Before you then the page, remember that the only thing stopping you from being happy is you. Let go of yourself, and all what happens...

thank you and stay blessed..

**ADHIL -IX- A**

ചെറുകഥ

പുതിയ കുപ്പായം

അന്ന് ഒരു പെരുന്നാൾ ദിവസത്തിന്റെ തലേ ദിവസം ആയിരുന്നു എല്ലാവരും വളരെ അധികം സന്തോഷത്തിലാ്യിരുന്നു. അന്ന് രാവിലെ ആമിന കുട്ടി കളിക്കാൻ പോയ നേരത്ത് അവളുടെ കൂട്ടുകാർ അവരുടെ പെരുന്നാളിന് എടുത്ത പുതിയ കുപ്പായത്തിന്റെ ചർച്ചയിലായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ ആമിന വീട്ടിലേക്ക് മടങ്ങി വന്നു. അവൾ ആരോടും ഒന്നും പറയാതെ മുറിയിലേക്ക് പോയി. കുറെ നേരം ആയിട്ടും ആമിനയെ കാണാത്തതിനാൽ അവളുടെ ഉമ്മ അകത്തേക്ക് ചെന്നപ്പോൾ ആമിന കരയുകയായിരുന്നു. അപ്പോൾ തന്നെ അവളുടെ ഉമ്മാക്ക് മനസ്സിലായി. പുതിയ കുപ്പായം ഇല്ലാത്തോണ്ടാണ് ആമിന കരയുന്നത്. അവളെ സമാധാനിപ്പിക്കാൻ നോക്കിയെങ്കിലും അവർ കരച്ചിൽ നിറുത്തിയില്ല. അവളുടെ ബാപ്പ വന്നപ്പോൾ അവൾ വരാന്തയിൽ ഇരുന്ന് കരയുന്നത് കണ്ട് ഉമ്മയോട് ചോദിച്ചപ്പോൾ ഉമ്മ എല്ലാ കാര്യവും പറഞ്ഞു . എന്നിട്ട് അവളുടെ അടുത്തേക് പോയപ്പോൾ അവൾ പുതിയ കുപ്പായം വേണമെന്ന് പറഞ്ഞ് വാശി പിടിച്ചു കരയുകയായിരുന്നു. ഉമ്മ അവളെ ചീത്ത പറയാൻ പോയപ്പോൾ ഉപ്പ പറഞ്ഞു വേണ്ട അവൾ ചെറിയ കുട്ടിയല്ലെ . ഞാൻ ഇപ്പോൾ വരാമെന്നു പറഞ്ഞ് ഉപ്പ പടിയിറങ്ങിപ്പോയി അങ്ങനെ രാത്രി ആയപ്പോൾ ഉപ്പ വീട്ടിലേക്ക് വന്നു ഉപ്പയുടെ കയ്യിൽ 2 വലിയ പൊതികൾ അവൾ ഓടിപ്പോയി പൊതി തട്ടി പറിച്ച് തുറന്ന് നോക്കിയപ്പോൾ അതിൽ നല്ല ബംഗിയുള്ള പുതിയ കുപ്പായം അവൾ തുള്ളിച്ചാടി അവ അവൾക്ക് പറയാൻ പറ്റാത്ത സന്തോഷവും ആയി അവളുടെ ഉമ്മ ഞെട്ടിപ്പോയി "വീട്ടിലേക് ഭക്ഷണത്തിന്റെ സാധനം വാങ്ങാൻ കാശില്ലാത്ത കാശില്ലാത്ത മനുഷ്യന് എങ്ങനെ പുതിയ കുപ്പായം വാങ്ങി എന്ന് അവർ ചിന്തിച്ചു." അപ്പോഴാണ് ഉമ്മ ശ്രദ്ധിച്ചത്

ഉപ്പയുടെ കയ്യിലത്തെ സ്വർണ്ണമോതിരം കാണാനില്ല എന്ന് പണ്ട് ഉപ്പയുടെ സുഹൃത്ത് മനാഫ് ഗൾഫിൽ നിന്ന് കൊണ്ടുവന്നതായിരുന്നു ആ സ്വർണ മോതിരം. ആ മോതിരം വിറ്റാണ് മോൾക്ക് പുതിയ കുപ്പായം വാങ്ങിയത് എന്ന് അവളുടെ ഉമ്മയുടെ കണ്ണുകൾ നിറഞ്ഞു ഉപ്പ സമാധാനിപ്പിച്ചു ഇതൊന്നും അറിയാതെ കുപ്പായം കിട്ടിയ സന്തോഷത്തിൽ ആമിന തുള്ളിച്ചാടി കളിക്കുകയാണ് **...............**

"മകൾക്ക് വേണ്ടി എന്തും സഹിക്കുന്നവരാണ് മാതാപിതാക്കൾ അവരുടെ മനസ്സ് നമ്മൾ ഒരിക്കലും വേദനിപ്പിക്കരുത് "

## Cake of friend ship

Preheat the oven of love
With plenty of warmth and hugs
Mix in fun and laughter
that makes yours side split into half
Bake with honesty and care
and all the things you both should shore,
Decorate with the froasting oftrust
This is really a must
Enjoy the cake, do not eat it fast
Just like your new friendship,make it last..

**Nandana P V**
**IX-B**

പ്രകൃതി എന്ന വനം

സാനിയ .റ്റി . അബ്രഹാം .

നമ്മെ ഓരോരുത്തരെയും സൃഷ്ടിച്ച ദൈവം തന്നെയാണ് ഇന്ന് നാം കാണുന്ന പ്രകൃതിയെയും സൃഷ്ടിച്ചത്.പ്രകൃതിയെ ഒരു വനമായി കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതിനു കാരണം മറ്റൊന്നുമല്ല ഒരു വനമാകുമ്പോൾ ആ വനത്തിൽ വന്യ മൃഗങ്ങളും, ഇഴ ജന്തുക്കളും ,തടാകങ്ങളും, അരുവികളും, എന്നിവയെല്ലാം കൊണ്ടും സന്തുഷ്ട്ടമായിരിക്കും. ആ വനത്തിലെ വനവാസികളിൽ ഒരാളാണ് നാം ഓരോരുത്തരും.വനത്തിലെ വന്യമൃഗങ്ങളോ, ഇഴജന്തുക്കളോ അവരുടെ വനം നശിപ്പിക്കാൻ ശ്രമിക്കാറില്ല.ഇന്നത്തെ ഈ കാലഘട്ടത്തിൽ നാം നശിപ്പിക്കാൻ ശ്രമിക്കാറില്ല. ഇന്നത്തെ ഈ കാലഘട്ടത്തിൽ നാം .ഓരോരുത്തരും പ്രകൃതിയെ സംരക്ഷിക്കാനാണ് ശ്രമിക്കേണ്ടത്. രണ്ടായിരം വർഷങ്ങൾക് മുൻപ് ഇന്ന് നേരിടേണ്ടി വരുന്ന നിപ്പ, ഡെങ്കിപ്പനി, മലേറിയ എന്നീ രോഗങ്ങൾ അപൂർവങ്ങളിൽ അപൂർവമായിരുന്നു. എന്നാൽ ഇന്ന് ഒന്നല്ലെങ്കിൽ ഒന്ന് എന്ന അവസ്ഥയിലേക്കാണ് രോഗങ്ങൾ നമ്മെ ക്ഷണിക്കുന്നത്. ഇതിന്റെയെല്ലാം പ്രധാന കാരണം പ്രകൃതിക്ക്കോട്ടം തട്ടുന്ന തരത്തിലുള്ള കൃഷിയും, വ്യവസായ ഫാക്ടറികളുടെ ഉത്ഭവവുമാണ്. രണ്ടായിരം വര്ഷങ്ങള്ക്കു മുൻപുള്ള മനുഷ്യർ അതായത് നമ്മുടെ പൂർവികര്ക് 100 അല്ലെങ്കിൽ 150 വര്ഷം വരെയാണ് ആയുസ്സ്. എന്നാൽ ഇന്ന് ചെറുപ്രായത്തിൽ തന്നെ കാൻസർ , ഹൃദയ രോഗങ്ങൾ എന്നിവ മൂലം മരണങ്ങൾ സംഭവിക്കുന്നു. അതിനു കാരണം നമ്മുടെ ജീവിത ശൈലിയും ഭക്ഷണ രീതിയുമാണ്. പ്രത്യേകിച്ച് എടുത്ത് പറയുകയാണെങ്കിൽ പ്രകൃതി മാതാവിനെ ഇല്ലാതാക്കാനാണ് ഇന്ന് മലയാളിയും ശ്രമിക്കുന്നത്. ഇത് മൂലം തന്നെയാണ് ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ രോഗഭീഷണിയും പ്രകൃതി ക്ഷോഭങ്ങളും ഉയർന്ന് വരുന്നത്. നാം ഒരു കടയിൽ പോയാൽ ആദ്യം വാങ്ങുന്നത് പ്ലാസ്റ്റിക് മാലിന്യമുള്ള വസ്തുക്കളും കവറുകളുമാണ്. കടയിൽ നിന്നും കിട്ടുന്ന കവർ

നമ്മൾ ആദ്യം കത്തിക്കാൻ ശ്രമിക്കും. ആ ശ്രമം പാഴായാൽ അത് വലിച്ചെറിയും. ഇന്നത്തെ തലമുറയുടെ രീതിയാണ്. പ്ലാസ്റ്റിക് മാലിന്യം മണ്ണിൽ ജീർണിക്കാതെ അങ്ങനെ കിടക്കും. അപ്പോൾ മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുകയും ചെയ്യും. പച്ചക്കറിയുടെ കാര്യമാണെങ്കിൽ പറയാതിരിക്കാൻ വയ്യ. ഏതൊരു പച്ചക്കറിക്കും വേണ്ടി ഇന്ന് ആദ്യം ഓട്ടം മാർക്കറ്റിലേക്ക്. എന്നാൽ നമ്മുടെ പൂർവികർ ആദ്യം ഓടിയിരുന്നത്


H.S. SCHOOL


HIGH SCHOOL BLOCK





നന്ദി................

ലിറ്റൽ കൈറ്റ്സ് ഐടി ക്ലബിലെ പ്രവർത്തനം ഞങ്ങളുടെ ഭാവിയിലേക്കൊരു മുതൽ കൂട്ടാണ് . ആധുനിക യുഗത്തിൽ ഒഴിച്ചു കൂടാൻ സാധിക്കാത്ത ഒന്നാണ് കമ്പ്യൂട്ടറിനെ കുറിച്ചുള്ള അറിവ് . ഈ സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിവരവിനിമയ സാങ്കേതിക വിദ്യയെ കുറിച്ച് വളരെ അധികം അറിയുവാൻ സാധിച്ചത് ലിറ്റൽ കൈറ്റ്സിലൂടെയാണ്. ഇതിനായി അവസരം തന്ന കേരള പൊതു വിദ്യാഭ്യാസവകുപ്പിനും കൈറ്റിനും ഞങ്ങൾക്ക് പരിശീലനം നൽകിയ അധ്യാപകർക്കും ഞങ്ങളുടെ നന്ദി അറിയിക്കുന്നു. 2018-19 അധ്യായന വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനതിന്റെ റിപ്പോർട്ട് എന്ന നിലക്ക് ഈ മാഗസിൻ ഞങ്ങൾ സമർപ്പിക്കുന്നു.